# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2378** **12.02.2020 ൽ മറുപടിക്ക്**

## അമരവിള ചൂട്ടുകൽ വ്യവസായ സഹകരണ സംഘത്തിന്റെ തെരഞ്ഞെടുപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ആൻസലൻ | ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും, വകുപ്പ് മന്ത്രി) |
| നെയ്യാറ്റിൻകര അമരവിള ചൂട്ടുകൽ വ്യവസായ സഹകരണ സംഘത്തിന്റെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പട്ടികജാതി മണ്ഡലത്തിൽ മൽസരിച്ച വ്യക്തി പട്ടികജാതി ഹിന്ദു സർട്ടിഫിക്കറ്റ് നൽകിയതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഖാദി വ്യവസായ വകുപ്പ് നൽകിയ 36044/18 നമ്പർ ഹർജിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ? | ബഹു. ഹൈക്കോടതിയിൽ WP(C) No.36044/18 എന്ന കേസ് ഫയൽ ചെയ്തത് ഖാദി ബോർഡ് അല്ല. ടി കേസിലെ ഹർജിക്കാരൻ ശ്രീ.അരുൺ ബി.എസ്. എന്ന വ്യക്തിയാണ്. പ്രസ്തുത കേസിൽ ഖാദി ഗ്രാമ വ്യവസായ ബോർഡ്, വ്യവസായ വകുപ്പ് എന്നിവയും കക്ഷികളല്ല. ഈ കേസിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഇലക്ഷൻ കമ്മീഷൻ, റിട്ടേണിംഗ് ഓഫീസർ, അമരവിള ചൂട്ടുകൽ ഉല്പാദക ക്രയവിക്രയ സഹകരണ സംഘം, തഹസിൽദാർ എന്നിവർ യഥാക്രമം 1 മുതൽ 4 വരെ എതിർകക്ഷികളാകുന്നു. പ്രസ്തുത കേസിൽ ഇടക്കാല ഉത്തരവ് പ്രകാരം ഹർജിക്കാരന് ഇലക്ഷനിൽ മത്സരിക്കുന്നതിന് തടസ്സമില്ലെന്ന് വ്യക്തമാക്കുകയും ഇലക്ഷൻ നടപടികൾ പൂർത്തീകരിച്ച് പുതിയ ഭരണസമിതി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ടി കേസിൽ അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല. |

Radhakrishnan

സെക്ഷൻ ഓഫീസർ